അടിയന്തരം

നം. ഇ(2) 353/2019

ലേബർ കമ്മീഷണറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി: 01.01.2020

## സർക്കുലർ

വിഷയം: തൊഴിൽ വകുപ്പ് - ഭരണനിർവ്വഹണം വിഭാഗം, മിനിസ്റ്റീരിയൽ/ എക്സിക്യൂട്ടീവ് വിഭാഗം ജീവനക്കാർ കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിക്കേണ്ടത് - സംബന്ധിച്ച്.

സൂചന: 12.10.2018 - ലെ ഇ(2)-19369/2017 നമ്പർ സർക്കുലർ

വകുപ്പിലെ മിനിസ്റ്റീരിയൽ/എക്സിക്യൂട്ടീവ് വിഭാഗം ജീവനക്കാരിൽ ഹെഡ് ക്ലാർക്ക് തസ്തികയിലും ഉയർന്ന തസ്തികകളിലും ജോലി നോക്കുന്ന എല്ലാ ജീവനക്കാരും എക്സിക്യൂട്ടീവ് വിഭാഗത്തിൽ അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ്- II തസ്തികയിലും ഉയർന്ന തസ്തികകളിലും ജോലി ചെയ്യുന്ന എല്ലാ ജീവനക്കാരും 25.01.2020-ന് മുമ്പായി 2019 കലണ്ടർ വർഷത്തെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ താഴെപ്പറയുംപ്രകാരം സമർപ്പിക്കേണ്ടതാണ്..

1. കോൺഫിഡൻഷ്യൽ റിപ്പോർട്ടിന്റെ എല്ലാ കോളങ്ങളും വ്യക്തമായി പരിശോധിപ്പിച്ച് പൂരിപ്പിക്കേണ്ടതാണ്.
2. റിപ്പോർട്ടിംഗ് ഓഫീസർമാർ അച്ചടക്ക നടപടികളുമായി ബന്ധപ്പെട്ട വിവരങ്ങളും പ്രസ്തുത കോളത്തിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.
3. സി.ആർ-ൽ റിപ്പോർട്ടിംഗ് ഓഫീസറുടെ പേര്, ഉദ്യോഗപ്പേര്, തീയതി, സീലുകൾ എന്നിവ പതിക്കേണ്ടതാണ്. കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ റിവ്യൂ ചെയ്യുന്ന ഉദ്യോഗസ്ഥരും, പേര്, ഉദ്യോഗപ്പേര്, തീയതി, ഓഫീസ് സീലുകൾ എന്നിവ പതിക്കണം.
4. കോൺഫിഡൻഷ്യൽ റിപ്പോർട്ടിൽ തിരുത്തലുകൾ വൈറ്റ്നർ കറക്ഷൻ എന്നിവ. ഉണ്ടാകുവാൻ പാടുള്ളതല്ല. പല മഷിയിൽ സി.ആർ എഴുതരുത്.
5. സി.ആർ ന്റെ പാർട്ട്- II ൽ ഏറ്റവും അവസാന ഭാഗത്ത് സി.ആർ സമർപ്പിക്കുന്ന ജീവനക്കാരന്റെ ഒപ്പും പെൻനമ്പരും കൂടി രേഖപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.
6. എല്ലാ കോളങ്ങളും പൂരിപ്പിക്കാതെയോ റിവ്യൂ ചെയ്യാതെയോ സമർപ്പിക്കുന്ന കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ നിരസിക്കുന്നതാണ്.

2016, 2017, 2018 എന്നീ വർഷങ്ങളിലെ സി.ആർ സമർപ്പിക്കാത്ത ഉദ്യോഗസ്ഥരുണ്ടെങ്കിൽ ആയതും നിശ്ചിത സമയപരിധിക്കുള്ളിൽ ലഭ്യമാക്കേണ്ടതാണ്.

(ഒപ്പ്)
**ലേബർ കമ്മീഷണർ**

പകർപ്പ്:
1. എല്ലാ റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർമാർക്കും
2. എല്ലാ ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസിനും
3. എല്ലാ ഡെപ്യൂട്ടി ലേബർ കമ്മീഷണർമാർക്കും
4. എല്ലാ ജില്ലാ ലേബർ ഓഫീസർമാർക്കും

(അധികാരപരിധിയിലുള്ള ജീനക്കാരെ ഇന്നുതന്നെ അറിയിക്കേണ്ടതാണ്.)

5. കമ്മീഷണറേറ്റിലെ ബന്ധപ്പെട്ട ജീവനക്കാർക്ക്
6. ഐ.ടി സെൽ (വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യാനായി)
7. ഫയൽ/സ്റ്റോക്ക് ഫയൽ

ഉത്തരവിൻപ്രകാരം

സീനിയർ സൂപ്രണ്ട്(ഇ)

ബി.ആർ 23.12.19